മിസ്സിസ് ടി. ഫ്രാൻസിസ്: ജനസംഖ്യ അധികമുള്ള സ്ഥലത്തല്ല ഈ ലട്രിൻ വെച്ചിരിക്കുന്നത്. ഈ ലട്രിന്റെകാര്യം ഈ നിയമസഭയിൽതന്നെ ഒന്നോ രണ്ടോ പ്രാവശ്യം വാഗ്വിഷയമായിട്ടില്ലെ?

റാവുബഹദൂർ ടി കെ. നായർ: അതു ഓർമ്മിക്കുന്നുണ്ട്. അതു് ഓർമ്മിച്ചുകൊണ്ടാണു് അവിടെ കൂടുതൽ ലട്രിൻ പണിയാൻ തീരുമാനിച്ചിട്ടുള്ളതു്. ഈ ചോദ്യത്തിനുള്ള ഉത്തരത്തിൽ മൂന്നു ലട്രിൻസ് കൂടുതൽ പണിയാൻ പോകുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്സിസ് ടി. ഫ്രാൻസിസ്: അതു എന്നു സാദ്ധ്യമാകും?

റാവുബഹദൂർ ടി. കെ. നായർ: അതു എന്നു സാദ്ധ്യമാകുമെന്നു പെട്ടെന്നു പറയാൻ സാദ്ധ്യമല്ല. അതിനു രണ്ടു തടസ്സമാണു പ്രധാനമായിട്ടുള്ളതു്. സ്ഥലം അക്വയർചെയ്യുമ്പോൾ അവിടെ താമസിക്കുന്നവരുടെ എതിർപ്പുവരും. പിന്നെ അതിനുചുറ്റും താമസിക്കുന്നവരുടെ പരാതിവരും. ഈ വിഷമംകൊണ്ടു വൈപ്പിൻകരമുതലായ സ്ഥലങ്ങളിലേയ്ക്കു ലട്രിൻസ് സ്ഥാപിക്കാൻ പണം അലോട്ടുചെയ്തിരുന്നിട്ടും അതു ലാപ്സായിപോകുകയാണു ചെയ്തതു്. ഇനി വായുമണ്ഡലത്തിലൊ ഭൂമിയുടെ അടിയിലൊ എവിടെയാണു സ്ഥാപിക്കാൻ സൌകര്യപ്പെടുക എന്നുംമറ്റും ആലോചിക്കുകയാണു്. ഏതായാലും ഈകാര്യം പെട്ടെന്നു സ്ഥാപിക്കാൻ ബുദ്ധിമുട്ടുണ്ടു്.

മിസ്സിസ് ടി. ഫ്രാൻസിസ്: മുളവുകാട്ടു ഇതിനു സ്ഥലം കിട്ടുമൊ എന്നു അന്വേഷിച്ചിട്ടുണ്ടൊ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: മുളവുകാടിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിലുള്ള ബുദ്ധിമുട്ടു തീർന്നുവെന്നാണു് അറിയുന്നതു്. അതിനെ സംബന്ധിച്ചു ഒരു റിപ്പോർട്ടു കിട്ടിയിട്ടുണ്ടു്.

Mrs. T. Francis *(Ernakulam-Women):* In (*b*) it is stated that "there are at present two public latrines at Mulavukad. Construction of three more latrines will be taken up soon.

ഈ റിപ്പോർട്ടിനെ സംബന്ധിച്ചു ഒരു ചോദ്യം ചോദിക്കട്ടെ. അതു സ്ഥാപിക്കാൻ പോകുന്നതു ഏതുഭാഗത്തു് ആയിരിക്കുമെന്നു പറയാമോ?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Sites for construction of 3 more public latrines have already been acquired and the necesssary constructions are being attended to by the Panchayat Department' പഞ്ചായത്തുകാരാണു് അതു തീരുമാനിക്കുന്നതു്.

മിസ്സിസ് ടി. ഫ്രാൻസിസ്: അതു് സ്ഥാപിക്കാൻ പോകുന്നതു ജനസംഖ്യ അധികമുള്ള സ്ഥലങ്ങളിലാണോ?

റാവു ബഹദൂർ ടി. കെ. നായർ: ഈ കാര്യം പഞ്ചായത്തിനോടു ചോദിച്ചിട്ടു അവരുടെ അഭിപ്രായപ്രകാരമാണു് ചെയ്യുക. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് ജനസംഖ്യ അധികമുള്ള സ്ഥലത്തു വെക്കണമെന്നാണു്. ജനസംഖ്യ അധികമില്ലാത്ത സ്ഥലം പഞ്ചായത്തുകാർ തിരഞ്ഞെടുക്കുമെന്നു വിചാരിക്കാൻ ന്യായമില്ല.

മിസ്റ്റർ പി. കെ. ഡിവർ: മുളവുകാടിൽ ഒരു പത്തു് അടിസ്ഥലമെങ്കിലും ആൾതാമസമില്ലാത്തതായി കാണിച്ചു തരാമൊ?

റാവു ബഹദൂർ ടി. കെ. നായർ: ഏതായാലും ആളുകൾ ഉള്ള സ്ഥലത്തു വെക്കാൻ വിഷമമുണ്ടു്. ആളുകൾ താമസിക്കാത്ത സ്ഥലത്തുമാത്രമേ സ്ഥാപിക്കാൻ നിവൃത്തിയുള്ളു. പക്ഷെ അതിനു ചുറ്റും ആളുകൾ തിങ്ങിത്താമസിക്കുന്നുണ്ടൊ എന്നും നോക്കണം. എവിടെയാണു് സൌകര്യം എന്നു നോക്കി പഞ്ചായത്തുകാർ അറിയിക്കും. അതനുസരിച്ചേ പണിയുകയുള്ളു.

MR. M. GOVINDA MENON—PROSECUTION OF

412. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് മറുപടി പറയുമൊ.—

(എ) പാലക്കാടു് ഫെയർ പ്രൈസു ഷാപ്പു് മാനേജരായിരുന്ന ഒരു എം. ഗോവിന്ദമേനവനെ പ്രോസിക്യൂട്ടുചെയ്യുവാൻ ഗവർമ്മെണ്ടു കല്പന പുറപ്പെടുവിച്ചിരുന്നുവോ;

(ബി) മറുപടി നിഷേധരൂപത്തിലല്ലെങ്കിൽ കാരണമായ ഈ കല്പനക്കുള്ള കാരണമെന്തു്;

(സി) ഈ കല്പനയുടെ അനന്തരഫലങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) പ്രോസിക്യൂട്ടുചെയ്യുവാൻ പോലീസിലേക്ക റിപ്പോർട്ടുചെയ്തിട്ടുണ്ട്.

(ബി) റേഷൻ കൊടുക്കുന്നതിൽ ചില ക്രമീകരണം കാണപ്പെട്ട.

(സി) ടി സംഗതി പോലീസിന്റെ അന്വേഷണത്തിൽ ഇരിക്കുന്നു.

മിസ്റ്റർ പി. നാരായണമേനോൻ: എന്നാണ് പ്രോസിക്യൂട്ടുചെയ്യാൻ പോലീസിലേക്ക റിപ്പോർട്ട് ചെയ്തത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുറച്ചു ദിവസമായി.

മിസ്റ്റർ പി. നാരായണമേനോൻ: ഏതു മാസത്തിലാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മാസം ഓർമ്മ ഇല്ല.

Question No. 411—*(contd.)*

Mrs. T. Francis *(Ernakulam Women)*: Sir, I think my question was not sufficiently answered before you called on another question. There are ever so many questions to be answered.

Mr. President: I gave sufficient time for the Hon'ble member to rise promptly and ask the question.

Mrs. T. Francis *(Ernakulam-Women)*: I thought that I had to wait until the other Hon'ble member spoke. Please give me some more time for asking questions.

Mr. Parambi Lonappan *(Irinjalakkuda)*: She has only reached up to the latrines. There are many other things also in the question to be discussed.

Mr. President: When a question is put like this, the Hon'ble member must be very prompt to rise in her seat. Without making it as a precedent, I will allow the question to be resumed.

മിസ്സിസ് ടി. ഫ്രാൻസിസ്: മുളവുകാട് വില്ലേജ് എതെല്ലാം പ്രദേശങ്ങൾ കൂടി ചേർന്നതാണ്?

റാവു ബഹദൂർ ടി. കെ നായർ: അറിവില്ല.

മിസ്സിസ് ടി.ഫ്രാൻസിസ്: This is a very important question. There are two burial grounds for Hindus in Mulavukad.

മുളവുകാട് ഹിന്ദുക്കൾക്ക രണ്ട Burial grounds ഉണ്ടെന്ന പറഞ്ഞിട്ടുണ്ട്, എന്നാൽ വാസ്തവത്തിൽ അവിടെ അങ്ങിനെ ഒരു പ്രത്യേക സ്ഥലം ഇല്ലെന്നുള്ളതു് എനിക്കറിയാം.

റാവു ബഹദൂർ ടി. കെ. നായർ: അതിനെക്കുറിച്ചു അന്വേഷിക്കാം.

മിസ്റ്റർ പി. കെ. പോൾ: മുളവുകാട എന്ന സ്ഥലത്തു എതെങ്കിലുംഭാഗം കാടായിട്ടുണ്ടോ?

No answer.

മിസ്സിസ് ടി. ഫ്രാൻസിസ്: മുളവുകാട് റോഡു വക്ക് പ്രോഗ്രസ് ചെയ്യുന്നുണ്ടെന്ന പറഞ്ഞു. ഈ പ്രോഗ്രസ് എത്രത്തോളമായി? Lamp post will be put up when the road is completed.

റാവു ബഹദൂർ ടി. കെ നായർ: പ്രോഗ്രസ് ആകുന്നുണ്ടെന്ന പറഞ്ഞിട്ടുണ്ടെന്നല്ലാതെ അതു് എത്രത്തോളം പ്രോഗ്രസ്സായി എന്നു് എനിക്കറിഞ്ഞുകൂടാ.

മിസ്സിസ് ടി ഫ്രാൻസിസ്: മറുപടിയിൽ അവിടെ അഞ്ചൽ ആപ്പീസ് ഇല്ലെന്ന പറഞ്ഞിട്ടുണ്ട്. ആരെങ്കിലും സ്ഥലം കൊടുക്കാമെന്ന പറഞ്ഞാൽ അവിടെ ഒരു അഞ്ചൽ ആപ്പീസ് തുറക്കാമോ?

റാവു സാഹിബ് കെ. അയ്യപ്പൻ: ഗാർഡിയൻ സിസ്റ്റം അനുസരിച്ചു കൊടുക്കാം. പക്ഷെ നഷ്ടം വന്നാൽ അവർ തന്നെ സഹിക്കണം.

മിസ്റ്റർ പി. കെ. ഡീവർ: ബഹുമാനപ്പെട്ട മെമ്പർതന്നെ അങ്ങിനെ സമ്മതിച്ചാൽ അതനുവദിച്ചു കൊടുക്കുന്നതു?

മിസ്സിസ് ടി. ഫ്രാൻസിസ്: "There is no Police Station in Mulavukad" There is no Police out-post in Mulavukad". അവിടെ പോലീസ് സ്റ്റേഷൻ ഇല്ലെന്ന പറഞ്ഞിട്ടുണ്ട്. അവിടെ രാത്രി കാലങ്ങളിൽ വല്ല ലഹളയൊ അടിപിടിയൊ മറ്റൊ ഉണ്ടായാൽ പോലീസ് സഹായം അത്യാവശ്യമായി വേണ്ടിവന്നാൽ അപ്പോൾ കടത്തുകടന്നു എറണാകുളത്തൊ അല്ലെങ്കിൽ പനമ്പുകാട്ടോ പോകാൻ സാധിക്കുമോ? അതുകൊണ്ടു അവിടെ ഒരു പോലീസ് സ്റ്റേഷൻ അത്യാവശ്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ്ബ് എ. മാധവപ്രഭു: പോലീസ് കമ്മീഷണരുടെ അഭിപ്രായം അവിടെ അങ്ങിനെ ഒരു പോലീസ് സ്റ്റേഷന്റെ ആവശ്യമില്ലെന്നാണ്. ഓരോ വില്ലേജിലും ഓരോ പോലീസ് സ്റ്റേഷൻ വേണമെന്നു പറഞ്ഞാൽ സാദ്ധ്യമല്ല. പല വില്ലേജുകൾക്കുമിടയിലാണ് ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുക. പനമുകാട്ട ഒരു പോലീസ് സ്റ്റേഷനുണ്ട്. മുളവുകാടിനു വളരെ അടുത്താണ് അതു സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു മുളവുകാട്ടേയ്ക്ക് പ്രത്യേകം ഒരു പോലീസ് സ്റ്റേഷന്റെ ആവശ്യമില്ലെന്നാണ് പോലീസ് കമ്മീഷണർ അഭിപ്രായപ്പെട്ടതു്.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: പോലീസ് കമ്മീഷണർ ആ സ്ഥലത്തുപോയി നോക്കി അവിടെയുള്ളവർക്ക് പനമുകാട്ട് പോലീസ് സ്റ്റേഷനിലേയ്ക്കു പോകാൻ എത്ര ബുദ്ധിമുട്ടുണ്ടു, എന്നും മറ്റും അന്വേഷിച്ചിട്ടാണോ അങ്ങിനെ പറഞ്ഞതു്?

റാവുസാഹിബ്ബ് എം. മാധവപ്രഭു: കമ്മീഷണർ അന്വേഷിച്ചറിഞ്ഞതനുസരിച്ചാണു് അവിടെ ഒരു സ്റ്റേഷൻ വേണ്ടെന്നു അഭിപ്രായപ്പെട്ടിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ എറണാകുളത്തുനിന്നു പോഞ്ഞിക്കര വഴി കെട്ടാൻ നിശ്ചയിച്ചിട്ടുള്ള പാലത്തിന്റെ പണി തീർന്നാൽപ്പിന്നെ എറണാകുളത്തേയ്ക്കു പെട്ടെന്നുവരാൻ എളുപ്പമുള്ളതുകൊണ്ടു് മുളവുകാട്ട ഒരു പോലീസ്സ്റ്റേഷന്റെ ആവശ്യമുണ്ടാകയില്ലല്ലൊ.

റാവുസാഹിബ്ബ് എ. മാധവപ്രഭു: ആ പാലത്തിന്റെ പണി തീർന്നാൽ എറണാകുളത്തേയ്ക്കു വരാനുള്ള അസൌകര്യം കുറെ കുറയും.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: There is no allopathic dispensary at Mulavukad. മുളവുകാട്ട് ഒരു അലോപ്പതിക്ക് ഡിസ്പെൻസറി ഇല്ലാത്തതുകൊണ്ടു് രാത്രിയൊ മാറ്റാ പെട്ടെന്നു വല്ല സുഖക്കേടും വന്നാൽ അവിടെനിന്നു എറണാകുളത്തേയ്ക്കു കൊണ്ടുവരാൻ വളരെ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് അവിടെ ഒരു ഡിസ്പെൻസറി ആവശ്യമല്ലെ?

റാവുബഹദൂർ ടി. കെ. നായർ: പോലീസ്സ്റ്റേഷനെക്കുറിച്ചു പറഞ്ഞതുപോലെതന്നെ ഓരോ വില്ലേജിലും ഓരോ ഡിസ്പെൻസറി വെയ്ക്കാനും സാദ്ധ്യമല്ല. ചികിത്സാസൌകര്യം ആവശ്യമാണു്. അതിനു അവിടെ പ്രത്യേകം ഡിസ്പെൻസറി വേണമെന്നു പറയുകയാണെങ്കിൽ അതിനെക്കുറിച്ചാലോചിയ്ക്കാമെന്നുമാത്രമെ ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയുള്ളു.

മിസ്സർ പറമ്പി ലോനപ്പൻ: ഇപ്പോൾ റാംമോഹൻ പാലസിലേയ്ക്കു മാറ്റാൻപോകുന്ന ജനറൽ ആശുപത്രി മുളവുകാട്ടേയ്ക്കു മാറ്റരുതെ?

No answer.

മിസ്സിസ് ടി. ഫ്രാൻസ്സിസ്: മുളവുകാട്ട് Midwife ഉണ്ടെന്നു പറഞ്ഞതു പല സ്ഥലങ്ങളിലേയ്ക്കു കൂടീട്ടല്ലെ? മുളവുകാട്ടേയ്ക്കു മാത്രമല്ലല്ലൊ?

റാവുബഹദൂർ ടി. കെ. നായർ: മുളവുകാട്ട് Midwife ഉണ്ടു്. അവിടത്തെ ആവശ്യത്തിനു അതു് പോരെ, പിന്നെ എന്താണു് വേണ്ടതു്?

മിസ്സിസ് ടി. ഫ്രാൻസ്സിസ്: മുളവുകാട്ട് വില്ലേജിലേയ്ക്കാണു് ഒരു Midwife ഉണ്ടെന്നു പറയുന്നതു്. അല്ലാതെ മുളവുകാട്ട് ഒരു Midwife ഇല്ല. There is no Midwife in Mulavakad.

റാവുബഹദൂർ ടി. കെ. നായർ: A trained midwife has been appointed to Mulavukad village. ഓരോ പഞ്ചായത്തു ഏരിയയിലും ഓരോ മിഡ്വൈഫിനെ കൊടുക്കുവാനാണു് ഇപ്പോൾ ഗവണ്മെണ്ടിന്റെ ആലോചന. മുളവുകാട്ട് പഞ്ചായത്തിന്റെ ഒരു വിഭാഗമെന്നല്ലാതെ വേറെ ഒരു പഞ്ചായത്തല്ല. ഇനി അവിടേയ്ക്കു മാത്രമായി പ്രത്യേകം ഒരു മിഡ്വൈഫിനെ വെയ്ക്കാൻ നിവൃത്തിയില്ല.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: അങ്ങിനെ പറഞ്ഞാൽ പോരാ. മുളവുകാട്ട് ഒരു മിഡ്വൈഫിനെ വേണം.

റാവുബഹദൂർ ടി. കെ. നായർ: അതു് നോട്ടുചെയ്യാം.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: പിന്നെ ഞാറയ്ക്കൽ ഡിവിഷനിൽ ഒരു ഹെൽത്ത് വിസിറ്റർ ഉണ്ടെന്നു പറഞ്ഞു. അതുകൊണ്ടു് മുളവുകാടിനു ഗുണമില്ല.

റാവുബഹദൂർ ടി. കെ. നായർ: എട്ടൊ പത്തൊ മിഡ്വൈവുസിന്റെ മേൽനോട്ടമാണു ഒരു ഹെൽത്ത് വിസിറ്റർക്കുള്ളതു്. മിഡ്വൈവുസ് ജോലി ശരിക്കു നിവ്വഹി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നുണ്ടോ എന്നു നോക്കുക, അവക്കു വേണ്ട നിർദ്ദേശങ്ങളും കൊടുക്കുക ഇതൊക്കെയാണു് ഹെൽത്തു് വിസിറ്റർക്കുള്ള ജോലി. അതുകൊണ്ടു് ഓരോ സ്ഥലത്തേയ്ക്കു് ഓരോ ഹെൽത്തു് വിസിറ്ററെ ആവശ്യമില്ല.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: ഹെൽത്തു് വിസിറ്റർമാർ മിഡ്വൈവ്സിന്റെ ജോലി ശരിക്കു നടക്കുന്നുണ്ടോ എന്നും മറ്റും നോക്കുന്നുണ്ടെന്നു് എങ്ങിനെ അറിയാം?

റാവുബഹദൂർ ടി. കെ. നായർ: അവർ ജോലി ശരിക്കു ചെയ്യുന്നില്ലെന്നു പറഞ്ഞാൽ അതിനെക്കുറിച്ചന്വേഷിക്കാം.

മിസ്സിസ് ടി. ഫ്രാൻസ്സിസ്: ബോർഗാട്ടിയിൽ ജട്ടി ഇല്ലെന്നു പറഞ്ഞു. ജട്ടി ഇല്ലാത്ത ഏതു് വിധത്തിലാണു് അവിടെനിന്നു ആളുകൾ എറണാകുളത്തേയ്ക്കു കടക്കുന്നതു്? അതുപോലെ waiting room ഇല്ലാതെ മഴയത്തു് എങ്ങിനെയാണു് ആളുകൾ ജട്ടിയിൽ കഴിച്ചുകൂട്ടുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: എറണാകുളത്തു ജട്ടിയുണ്ടു്. പൊട്ടകാൾ ധാരാളം അടുത്തു് അതിൽ കയറി പോകാൻവേണ്ടി കാത്തുനില്ക്കുണ്ട സ്ഥലത്താണെങ്കിലെ ജട്ടിയിൽ waiting room ആവശ്യമുള്ളു. അങ്ങിനെ അത്യാവശ്യസ്ഥലങ്ങളിൽതന്നെ waiting shed കെട്ടാൻ വിഷമമായിരിക്കുമ്പോൾ ഇവിടെ waiting shed-ും waiting room-ും മറ്റും കെട്ടാൻ സാദ്ധ്യമല്ല.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: സ്കൂളിൽ പഠിക്കുന്ന അനേകം കുട്ടികൾ മുളവുകാട്ടുനിന്നു എറണാകുളത്തു വന്നുപോകുന്നുണ്ടു്. അവരൊക്കെ മഴയത്തു നില്ക്കണമെന്നാണോ പറയുന്നതു്; കയറിനില്ക്കാൻ ഷെഡും ജട്ടിയും ഒന്നും വേണ്ടെന്നാണോ പറയുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അത്രയധികം സമയം ഒന്നും അവിടെ കാത്തുനില്ക്കേണ്ടിവരികയില്ലെല്ലൊ?

മിസ്റ്റർ പി. നാരായണമേനോൻ: ഇതിനുമുമ്പു ചോദിച്ച ഹെൽത്തു് വിസിറ്ററുടേയും മിഡ്വൈവിന്റേയും ഡിസ്പെൻസറിയുടേയും മറ്റും ചുമതല ഒന്നായി വഹിക്കത്തക്ക വിധത്തിൽ അവിടെ ഒരു പെൻഷൻഡ് ലേഡിഡോക്ടറെ അലവൻസുകൊടുത്തു് വെയ്ക്കാൻ വിരോധമുണ്ടോ?

No answer.

Question No. 412—*(contd.)*

മിസ്റ്റർ പി. നാരായണമേനോൻ: ഏതു് മാസത്തിലാണു് പോലീസിലേയ്ക്കു് റിപ്പോർട്ടുചെയ്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏതു് മാസത്തിലാണെന്നു പറയാൻ നോട്ടീസു വേണം.

മിസ്റ്റർ പി. നാരായണമേനോൻ: അതു് പ്രോസിക്യൂട്ടുചെയ്യാം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുകയാണു്.

മിസ്റ്റർ പി. നാരായണമേനോൻ: പ്രോസിക്യൂട്ടു ചെയ്യാനുള്ള കാരണമില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് റിപ്പോർട്ടു് കിട്ടിക്കഴിഞ്ഞതിനുശേഷമെ പറയാൻ തരമുള്ളു.

മിസ്റ്റർ പി. നാരായണമേനോൻ: എന്താണു് ചില കൃത്രിമങ്ങളൊക്കെ കാണപ്പെട്ടുവെന്നു പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുന്ന സംഗതിയായതുകൊണ്ടു് കൂടുതൽ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പോലീസ്സിന്റെ അന്വേഷണത്തിനു എല്ലിക്കുന്നതിനുമുമ്പു് എന്തെങ്കിലും കുറവുണ്ടെന്നു തെളിഞ്ഞിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നേരത്തെ ഹൂഡ്യഡയറക്ടർതന്നെ അന്വേഷിച്ചു. അപ്പോൾ ചില കുറവുകളുണ്ടെന്നു മനസ്സിലായി. അതുകൊണ്ടു പോലീസ്സിലേയ്ക്കു റിപ്പോർട്ടുചെയ്തു.

മിസ്റ്റർ കെ എസ്സ്. പണിക്കർ: പിന്നീടു വേണ്ട തെളിവുകളെപ്പറ്റി പോലീസാണോ അന്വേഷിക്കേണ്ടതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രൊസിക്യൂഷൻ നടത്തണമെങ്കിൽ പോലീസ് അന്വേഷണം കഴിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്". പണിക്കർ: കൊട്ടമുടിയിൽ ശക്കര മേടിക്കാൻപോയ ആളുടെ പേരിൽ കണ്ട കുറങ്ങളെക്കുറിച്ചു പോലീസ് അന്വേഷണം നടത്തിയൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അന്വേഷിക്കാതെയിരിക്കാൻ എന്താണു കാരണം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രോസിക്യൂട്ട ചെയ്യണമെന്നുണ്ടെങ്കിൽ മാത്രമേ പോലീസ് അന്വേഷണം നടത്തേണ്ടതുള്ളൂ.

മിസ്റ്റർ പി. നാരായണമേനോൻ: ഫുഡ്ഡയറക്ടർ അന്വേഷിച്ചിട്ട കണ്ട കുറങ്ങാം എന്തൊക്കെ ആയിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെന്താണെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പ്രോസിക്യൂട്ടചെയ്യാൻ പോലീസിലേയ്ക്കു റിപ്പോർട്ട് ചെയ്യുവെന്നു പറഞ്ഞല്ലൊ; അതു" എന്നാണു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്നാണെന്നോർമ്മയില്ല. എന്റെ ഓഫീസിയിൽ ഫുഡ്ഡയറക്ടരുടെ റിപ്പോർട്ട് കിട്ടിയുടനെതന്നെ വിവരം പോലീസിലേയ്ക്കു റിപ്പോർട്ട ചെയ്തു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ മാന്യൻ രാജിവെച്ചു പോകാമെന്നുപറഞ്ഞു അപേക്ഷ അയച്ചിട്ടുണ്ടോ?

No answer.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അദ്ദേഹം ഇപ്പോൾ സസ്പെണ്ടിലാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പ്രോസിക്യൂട്ടചെയ്യാൻ റിപ്പോർട്ട് അയച്ചിട്ടുണ്ടെന്നു പറഞ്ഞുവല്ലൊ, അതു ലീഗൽ എക്സ്പെർട്ടിന്റെ അഭിപ്രായമനുസരിച്ചാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഫെയർപ്രൈസ് ഷോപ്പു മാനേജരുടെ ജോലി വഹിക്കുവാൻ ഈ മാന്യൻ ഇൻ എക്സിപീരിയൻസാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മിസ്റ്റർ ഐസക്കിനെപോലെ Inexperience ഉള്ള ആളാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു പറയാൻ നിവൃത്തിയില്ല. ഓരോരുത്തക്കും ഓരോ വിഷയത്തിലായിരിക്കും Inexperience ഉണ്ടായിരിക്കുക.

FREE TRAVEL OF GOVERNMENT SERVANTS

413. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ": താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് ദയവായി മറുപടി നൽകുമൊ.—

എതെല്ലാം വരിപ്പാർട്ടുമെണ്ടിലെ എതെല്ലാം ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാക്കാണ് ലൈൻ ബോട്ടുകളിലും ലൈൻ ബസ്സുകളിലും കൂലി കൊടുക്കാതെ യാത്രചെയ്യാവുന്നതു"?

റാവു ബഹദൂർ ടി. കെ. നായർ: ഉദ്യോഗസ്ഥന്മാക്കാർക്കുംതന്നെ ലൈൻ ബസ്സുകളിലും ബോട്ടുകളിലും കൂലി കൊടുക്കാതെ സഞ്ചരിക്കുവാൻ നിയമമില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ": ഉദ്യോഗസ്ഥന്മാർ കൂലി കൊടുക്കാതെ സഞ്ചരിക്കുന്നുണ്ടെന്നുള്ളതു ഗവണ്മെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

PORAMBOKE LAND AT KUNNAMKULAM

414. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

The area of a poramboke plot of land lying vacant and unused at the spot where the four roads meet at the central place of Kunnamkulam town?

Mr. C. R. Iyyunni *(Minister for Revenue)*: 2·417/1000 cents.

LIBRARY ARCHIVES Kerala Legislative Assembly